"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6195 20.11.2019 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണത്തിന്ഇരയായവർക്ക് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി മരണപ്പെടുന്നവരുടെ കുടുംബങ്ങൾ, ആക്രമണത്തിൽ പരിക്കേൽക്കുന്നവർ എന്നിവർക്ക് നിലവിൽ നൽകുന്ന നഷ്ടപരിഹാരം എന്താണെന്ന് അറിയിക്കാമോ; | (എ) | നിലവിൽ വന്യമൃഗങ്ങളുടെ അക്രമണത്തിനിരയായി മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം 1 0 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകി വരുന്നു. വനത്തിനു പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ അവകാശികൾക്ക് നൽകപ്പെടുന്ന നഷ്ടപരിഹാരം 2 ലക്ഷം രൂപ യായി നിജപ്പെടുത്തിയിട്ടുണ്ട്.<br>വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി വരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകാൻ വ്യവസ്ഥയുണ്ട്. ചികിത്സാ ചെലവ് അനുവദിക്കുന്നത്, ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. |

<table>
<tr>
<td>(ബി)</td>
<td>നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷിക്കേണ്ടത് എവിടെ യാണെന്നും എന്തൊക്കെ രേഖ കളാണ് ഹാജരാക്കേണ്ടതെന്നും വിശദമാക്കാമോ?</td>
<td>(ബി)</td>
<td>നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷകർ, അവരുടെ പരിധിയിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് അക്ഷയ കേന്ദ്രം വഴി ഇ-ഡിസ്ട്രിക്റ്റ് മുഖേന ഓൺ ലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.
<table>
<tr>
<td>മനുഷ്യ ജീവഹാനി</td>
<td>
<ul>
<li>മരണ സർട്ടിഫിക്കറ്റ്</li>
<li>അനന്തരാവകാശ സർട്ടിഫിക്കറ്റ്</li>
<li>പോസ്റ്റുമോർട്ടം റിപ്പോർട്ട്</li>
<li>എഫ്. ഐ. ആർ</li>
<li>അപേക്ഷകന്റെ / അവകാശിയുടെ ഐഡന്റിറ്റി തെളിക്കുന്ന രേഖ.</li>
<li>ബാങ്ക് പാസ് ബുക്കിന്റെ കോപ്പി (ദേശസാത്കൃത ബാങ്ക്)</li>
</ul>
</td>
</tr>
<tr>
<td>പരിക്ക്</td>
<td>
<ul>
<li>മെഡിക്കൽ ബില്ലുകൾ</li>
<li>ആധാർ, റേഷൻ കാർഡ് എന്നിവയുടെ കോപ്പി.</li>
<li>ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.</li>
<li>അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരം (പാസ് ബുക്കിന്റെ കോപ്പി)</li>
</ul>
</td>
</tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ